
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

2023 ഡിസംബർ

## ഭൂമിക്കാരന്റെ 101–ാം ജന്മദിനം

## ജീവചരിത്രപ്രകാശനവും അവാർഡ് ദാനവും

**സ്ഥലം : കഞ്ഞിപ്പാടം ഗവ. എൽ.പി.സ്കൂൾ**

**സമയം : 2024 ജനുവരി 14 ഞായറഴ്ച**

**രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ**

വിശ്വകുടുംബാംഗങ്ങളേ, നമസ്ക്കാരം.

ഇടയ്ക്കിടെ എല്ലാവരും തമ്മിൽ ഒന്ന് കാണണ്ടേ. ജന്മദിനത്തിനാകുമ്പോൾ അത് ഇരട്ടിമധുരമാകും. ദർശനം നല്ല വിഭവങ്ങളാണ് ഈ ലക്കത്തിൽ തയ്യാറാക്കിയിരിക്കുന്നത്. ശ്രദ്ധയോടെ വായിച്ചാലും. രാവിലെ കഞ്ഞിപ്പാടം സ്കൂളിലേക്ക് സ്വാഗതം. 9 മണിക്ക് പുഷ്പാർച്ചനയ്ക്കായി വീട്ടിൽപോയി വട്ടപ്പായിത്രക്ഷേത്രദർശനവും നടത്തി കൂറ്റുവേലി സ്കൂളിലേക്ക് തിരിച്ചു പോരാം. പ്രഭാതഭക്ഷണം കഴിഞ്ഞ് നമുക്ക് ഈ സ്കൂളിൽ പരസ്പരാനന്ദ ജീവിതത്തെ കുറിച്ച് പഠനം നടത്താം. പഠിക്കാനായി പങ്കജാക്ഷൻ സാറിന്റെ ജീവചരിത്ര പുസ്തകവും ലഭിക്കും. സ്കൂൾ സമയം തന്നെ. 10 മുതൽ 4 വരെ.

നമ്മുടെ ജീവിതം വളരെയേറെ കഷ്ടപ്പാടിലൂടെയാണ് ഇപ്പോൾകടന്നുപോയിക്കൊണ്ടിരിക്കുന്നത്. യുദ്ധവും ദാരിദ്ര്യവും

മാറാരോഗങ്ങളും ശുചിത്വമില്ലായ്മയും പ്രകൃതിദുരന്തങ്ങളും ഭരണകൂടവൈകൃതങ്ങളും ഏറിവരുന്ന ലഹരി ഉപയോഗവും എല്ലാകൂടി മനുഷ്യജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുന്ന കാലം. ഒരേ ഭൂമിയിൽ ഒന്നിച്ച് ഒരു കാലഘട്ടത്തിൽ ജീവിക്കുന്ന മനുഷ്യരാണ് നാം എന്ന പ്രാഥമിക സത്യം മറന്ന് പോരടിക്കുന്നവരായി നാം അധഃപതിച്ചുകൊണ്ടിരിക്കുന്നു. ആദർശങ്ങൾ കൈവിട്ടുപോകുന്ന അന്തരീക്ഷം. മഹാനായ ടോൾസ്റ്റോയി പറഞ്ഞതുപോലെ മനുഷ്യർ ജനനം മുതൽ മരണം വരെ ഈ യാതനകളുടെ കുരിശും ചുമന്നാണ് നടക്കുന്നത്. എന്നിട്ടും അവന് ഒന്നും നേടാനാവുന്നില്ല. എന്നാൽ ജീവിതത്തിൽ ഒരേഒരു ദിവസം മാത്രം കുരിശ് ചുമന്ന യേശുദേവൻ അനശ്വരനായി ലോകത്തിന് മാർഗ്ഗദീപമായി. കാരണം ആ ജീവിതം ആദർശനിഷ്ഠമായിരുന്നു. നമുക്ക് ഇപ്പോൾ ആദർശമോ അനുഷ്ഠാനമോ ഇല്ലാതെ വരുന്നു. പ്രിയമിത്രങ്ങളേ, നഷ്ടപ്പെട്ടുപോയ ആ ജീവിത ദർശനം മനുഷ്യത്വം നാം വീണ്ടെടുക്കേണ്ടതുണ്ട്. **ലോകസമാധാനത്തിനായി പ്രാർത്ഥനയോടെ തുടങ്ങാം.**

നമുക്കും അടുത്ത തലമുറകൾക്കും ഈ ഭൂമിയിൽ സന്തോഷമായി ജീവിക്കുവാൻ കഴിവത് പരിശ്രമിക്കാം. അതിന് ധനം വേണം. കുറിപ്പുസാറിന്റെ നിധി ശേഖരത്തിൽനിന്ന് മാനുഷിക ധ്യാനവും ജൈവാർച്ചനയും വിശ്വമൈത്രീ ഭാവനയും വേണ്ടുവോളം എടുത്ത് ഉപയോഗിക്കുക. ഇനി ഈ ജന്മദിനത്തിന് കുറുപ്പ് സാറിന് നമ്മോട് എന്താണ് പറയാനുള്ളതെന്ന് ശ്രദ്ധിച്ചുകേട്ടാലും.

# മഹാപരിവർത്തനം

നാം ആരും ഒട്ടും പ്രതീക്ഷിക്കാത്ത കാര്യങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്തൊരു വിചിത്ര ഗതിയാണിത്. കൂട്ടക്കൊലകളും, കൂട്ട ആത്മഹത്യകളും, തെരുവു യുദ്ധങ്ങളും, എലിപ്പനിയും, ക്യാൻസറും, ഹൃദയാഘാതവും ദാരിദ്ര്യവും, തൊഴിലില്ലായ്മയും, ഭരണവൈകൃതങ്ങളും ഒക്കെ ഇങ്ങനെ വർദ്ധിച്ചുവരുന്നത് നാമാരും ഇഷ്ടപ്പെടുന്നില്ലെങ്കിലും സംഭവിക്കുന്നു. എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? ഓരോരുത്തരും ഈ ചോദ്യം മനസ്സിലെടുക്കണം. എന്തുകൊണ്ട് മനുഷ്യൻ ഇത്ര ക്രൂരനും നിർദ്ദയനും അല്പനും അധികാരമോഹിയും ആയിപ്പോകുന്നു.

ഇങ്ങനെ ആയല്ലോ എന്ന് പരിതപിക്കുകയും കുറ്റപ്പെടുത്തുകയുമല്ലാതെ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എന്റെ ഭാഗത്തു നിന്നു വേണ്ടത് ഞാൻ ചെയ്യുന്നുണ്ടോ? ഞാൻ അസഹ്യത നിരന്തരം ഉള്ളിൽ നിറച്ചുകൊണ്ട് വീട്ടിലെ അസഹ്യതയെ കുറ്റപ്പെടുത്തുമ്പോൾ അതു വർദ്ധിക്കുകയല്ലേ ഉള്ളൂ. പരിസരം ദുഷിപ്പിക്കുന്നതിലല്ലാതെ വൃത്തിയാക്കുന്നതിൽ ഞാൻ പങ്കാളിയാകുന്നുണ്ടോ? ചൂലെടുത്തു ഞാൻ തൂക്കാറുണ്ടോ? വസ്ത്രങ്ങൾ അടിച്ചു നനയ്ക്കാറുണ്ടോ? പാത്രം തേച്ചു വെയ്ക്കാറുണ്ടോ? വീട്ടിലെ മറ്റ് അംഗങ്ങളോട് സ്നേഹാദരങ്ങളോടാണോ പെരുമാറുന്നത്. അവരറിയാത്ത രഹസ്യങ്ങൾ ഞാൻ ഉള്ളിൽ സൂക്ഷിക്കാറുണ്ടോ? എന്നിൽ നിന്നും പുറത്തേയ്ക്ക് പ്രവഹിക്കുന്ന വിചാരങ്ങളും വികാരങ്ങളും അന്തരീക്ഷത്തിൽ കറുത്ത തരംഗങ്ങളാണോ ശുഭ്ര തരംഗങ്ങളാണോ ഏതാണ് ഉല്പ്പാദിപ്പിക്കുന്നത്.

ലോകഗതിയെപ്പറ്റി ഓർത്ത് ദുഃഖിക്കുമ്പോൾ ഇങ്ങനെ അവനവനിൽ ഒരന്വേഷണം നമുക്കു വേണം. പലസ്റ്റൈനിൽ അറബികളും യഹൂദരും പരസ്പ്പരം കൊല്ലുന്ന വാർത്ത അറിയുമ്പോൾ എന്തൊരു കഷ്ടം എന്നു തോന്നലിനോടു കൂടി എന്റ ഉള്ളിൽ നായർ ഈഴവർ എന്ന ഭേദബുദ്ധി നിലനിൽക്കുന്നുണ്ടോ എന്ന് അന്വേഷണം തുടങ്ങണം. എന്നിൽ നിന്ന് പുറത്തേക്ക് അനുനിമിഷം ഒഴുകിക്കൊണ്ടിരിക്കുന്ന വിചാര - വികാര തരംഗങ്ങൾ ഈ ലോകത്താകെ വ്യാപിക്കുന്നുണ്ടെന്നു ഞാനറിയണം. നമ്മിൽ ഓരോരുത്തരിൽ നിന്നും ചുറ്റുപാടിലേക്ക് പ്രസരിക്കുന്ന വിചാര വികാര വീചികൾ തന്നെയാണ് നമ്മുടെ സാഹചര്യമായി പരിണമിച്ച് നമ്മിലേക്ക് തിരിച്ചെത്തുന്നത്. ഞാൻ വിദ്വേഷത്തിന്റെ അലകൾ ചുറ്റിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ട് സ്നേഹം പ്രതീക്ഷിച്ചാൽ അതെവിടെ നിന്നു വരും. എനിക്ക് വേണ്ടത് സ്നേഹമാണ്. ഞാൻ കൊടുക്കുന്നതാകട്ടെ വെറുപ്പാണ്. ഈ കളിയിലാണ് നാം ഇന്ന് വന്ന് പെട്ടിരിക്കുന്നത് എന്നെനിക്കു തോന്നുന്നു. ഇതു തുടർന്നു കൊണ്ട് ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന് എത്ര ഉരു ജപിച്ചാലും സംഭവം ഉണ്ടാകാനിടയില്ല. ആദ്യം വേണ്ടത് എന്നിൽ നിന്ന് പുറത്തേക്ക് വീശുന്ന ചിന്താതരംഗങ്ങൾ ലോകമംഗളകാരി ആവണം എന്ന ശ്രദ്ധ എന്നിൽ വളർത്തുകയാണ്. ഹിന്ദുക്കളെന്നും മുസ്ലിംഗളെന്നും നമ്മുടെ കുടുംബാംഗങ്ങളെ വേർതിരിച്ചു

കണ്ടുകൊണ്ട് സംഭവങ്ങളെ വിലയിരുത്തിയാൽ ഒന്നിനൊന്ന് കലഹം വർദ്ധിക്കുകയല്ലേ ഉള്ളൂ. എല്ലാവരും എന്റെ വീട്ടുകാർ, എനിക്കുള്ളവർ, ഇവിടെ അന്യരായി ആരുമില്ല. ആരെ കാണുന്നതും സന്തോഷം, കൊടുക്കുന്നതും വാങ്ങുന്നതും സംസാരിക്കുന്നതും സന്തോഷം എന്ന വിചാര ശൈലി ഉള്ളിൽ നിന്നും പുറത്തേയ്ക്ക് സൂര്യരശ്മിപോലെ പ്രസരിക്കണം എന്ന് ഞാൻ നിശ്ചയിച്ചാൽ അന്ധകാരം മാറിവരില്ലേ. പുതിയ പ്രകാശം പരന്നു വരില്ലേ. എല്ലാവരും ഇങ്ങനെ കരുതുമോ. ഞാൻ തന്നെ കരുതിയിട്ടെന്തു പ്രയോജനം. എന്ന കാഴ്ചപ്പാടാണ് ലോകസമാധാനത്തന്റെ മുഖ്യപ്രതിബന്ധം. ഒരിക്കലും അങ്ങനെ കരുതരുത്. ഞാൻ എന്നെ സുക്ഷിക്കും എന്നു നിശ്ചയിക്കാം. പൂർണ്ണമായി സാധിച്ചില്ലെന്നു വരാം. അവനവന്റെ ദൗർബല്യങ്ങൾ കൂടെഉണ്ടായിരിക്കത്തെന്നെ ആവും വണ്ണം സ്നേഹാദരങ്ങളോടെ പെരുമാറി തുടങ്ങുക. മറ്റുള്ളവരോട് വിനയമുള്ളവരാവാൻ ഉള്ളിൽ ആഗ്രഹിക്കുക. നമ്മുടെ പ്രവർത്തികളേക്കാൾ ശക്തി ഭാവത്തിനുണ്ട്. ഭാവം കൂടുതൽ സൂക്ഷ്മതലങ്ങളിൽ എത്തി അനുരണനം സൃഷ്ടിക്കും. ഒരാളെ വീട്ടിലേക്ക് സ്വീകരിച്ചിരുത്തി കുശലപ്രശ്നം ചെയ്ത് നല്ല വരിക്കച്ചക്കപ്പഴം കൊടുത്ത് സന്തോഷിപ്പിച്ചയക്കുമ്പോൾ ഉള്ളിൽ വെറുപ്പാണ് ഭാവമെങ്കിൽ അന്യോന്യ ബന്ധം സംഭവിക്കുകയേ ഇല്ല. വീണ്ടും അദ്ദേഹം വരുമ്പോൾ നമ്മുടെ ഉള്ളിലെ വെറുപ്പ് വർദ്ധിക്കും. വീടിനകത്തും പുറത്തും അവനവനിൽ തുടങ്ങുന്ന ഒരു സാധന വേണം. അത് അവരവർ തന്നെ തുടങ്ങണം. ദർശനം വായനക്കാരിൽ ഓരോരുത്തരും നമ്മുടെ ഭൗമാന്തരീക്ഷത്തിലേയ്ക്ക് ഹൃദ്യതയുടെ തരംഗങ്ങൾ പ്രസരിപ്പിക്കുവാൻ ശ്രമമാരംഭിക്കണം.വായനയും കീർത്തനവും പ്രവർത്തനവും സകല ബാഹ്യചലനങ്ങളും പുറത്തേക്ക് വിടുന്ന ഭാവം ആർദ്രതയുടേതാവാൻ ശ്രദ്ധവയ്ക്കണം. സന്തോഷത്തിന്റേയും അൻപിന്റേയും കുളിർ തരംഗങ്ങൾ കൃഷിയിലും കച്ചവടത്തിലും യാത്രയിലും സംഭാഷണത്തിലുമെല്ലാം കലർന്നു വരുവാൻ സാധന ചെയ്ത് തുടങ്ങണം. വെറുപ്പിന്റെ വിത്തു വാരി വിതച്ചിട്ട് സ്നേഹത്തിന്റെ കതിർ കൊയ്യാമെന്ന് കരുതിയാൽ അത് സംഭവിക്കുമോ. നല്ല വിത്ത് വിതച്ചാലും കൊയ്യാൻ ചിലപ്പോൾ കഴിഞ്ഞില്ലെന്നും ഒക്കെ പതിരായിപ്പോയെന്നും വരാം. എന്നാലും വീണ്ടും വീണ്ടും നല്ല വിത്തുകൾ തന്നെ വാരിവിതയ്ക്കണം. അതെ

വിടെ കിട്ടും. നമ്മുടെ ഉള്ളിൽ നന്മയുടെ മഹാനിക്ഷേപം തുറക്കപ്പെടാതെ കിടപ്പുണ്ട്. മാനുഷിക ധ്യാനം, ജൈവാർച്ചന, തറക്കൂട്ടം തുടങ്ങിയ സംരംഭങ്ങൾ ഈ നിക്ഷേപങ്ങൾ തുറക്കാനുള്ള താക്കോലുകളാണ്. മറ്റുള്ളവർ തുറക്കുമോ. എന്നു നോക്കുന്നതിന് പകരം നമുക്ക് നമ്മുടെ ഉള്ളിലെ നിക്ഷേപം തുറന്നുവെയ്ക്കാം. സുഗന്ധം നാലുപാടും പരക്കട്ടെ. പ്രവഹിക്കാൻ തുടങ്ങിയാൽ അത് വറ്റാത്ത ഉറവ ആയിക്കൊള്ളും.

നാം ഇന്ന് ഇത്തരത്തിലുള്ള അരുവികളുടെ സ്രോതസ്സായി തീർന്നിട്ടില്ലെന്നും ഇതു തുറക്കാൻ ഒത്തിരി പ്രതിബന്ധങ്ങളുണ്ടെന്നും നമുക്കറിയാം. എന്നാലും ഇതാണു വേണ്ടതെന്നെനിക്കു തോന്നുന്നു. മറ്റുള്ളവരോട് ഹൃദ്യത പുലർത്താൻ കിട്ടുന്ന ഒരവസരവും ആരും പാഴാക്കരുത്. അവരവരുടെ ഉള്ളിൽ തന്നെ തുടങ്ങണം. വീടിനകത്തു നിറഞ്ഞ് പുറത്തേക്ക് പ്രവഹിക്കണം. ഇങ്ങോട്ടുള്ള പെരുമാറ്റത്തിൽ ചെന്ന് തട്ടി കലങ്ങിപ്പോകാം. അത് നേരത്തെ കണ്ട് കൊണ്ട് തന്നെ പ്രവാഹം നിരന്തരമാക്കുക. ഏശാത്തിടത്തു നിന്ന് പതുക്കെ കർമ്മരംഗത്തു പിൻവലിയുക; ഭാവരംഗം വിടരുത്. മറ്റൊന്ന് സംഭവിച്ചില്ലെങ്കിലും അവനവന്റെ ജീവിതത്തിൽ സംഘർഷം കുറയും, അയവും വരും, രോഗം കുറയും. ജീവിതത്തിൽ ഭാരക്കുറവിന്റെ ആനന്ദം ഉണ്ടാകും. ക്രമേണ അത് സമൂഹത്തിൽ ചലനമാകും. കൂടുതലാളുകളിൽ ഈ സംഭവം ഉണ്ടാകുന്നതിനനുസരിച്ച് സാമൂഹ്യ പരിവർത്തനം സംഭവിക്കും.

പരിവർത്തനം ഒരു സാമ്പത്തിക കാര്യമല്ല, ഭരണമാറ്റമല്ല; നിയമ നിർമ്മാണമല്ല, യുദ്ധമല്ല, ചെറുത്തു നില്പ്പുമല്ല: സേവനവുമല്ല: പ്രാർത്ഥനയുമല്ല. ഇവയൊക്കെ നവീകരിക്കുന്ന വ്യക്തിനിഷ്ഠ സാംസ്ക്കാരിക സാധനയാണ്. എനിക്ക് മറ്റുള്ളവരെ എന്റേതായി ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ! ഞാൻ മറ്റുള്ളവർക്കും വേണ്ടി കൂടി ഉള്ളവനാണെന്നു കരുതി പെരുമാറുന്നുണ്ടോ. ഇവിടെയാണ് മാനവ സംസ്ക്കാരം തുടങ്ങുന്നത്. ഈ സംസ്ക്കാരം കൃഷിയിലും വ്യവസായത്തിലും, വിദ്യാഭ്യാസത്തിലും, ഭരണക്രമത്തിലും, വിനോദത്തിലും, സാഹിത്യ കലാരംഗങ്ങളിലും. എല്ലാം കലർന്നു വരുന്നതിനുള്ള വാതിലാണ് ഭാവന. ഏത് കർമ്മത്തിലും അന്യോന്യതയുടെ ഭാവന ഉണ്ടായാൽ മതി. ആ ഒരേ ഒരു കാര്യം നാം സാധി

ച്ചാൽ നമ്മുടെ ഇടയിൽ വിഭാഗീയതയും കഠോരതയും ക്രൂരതയും ഒഴിഞ്ഞു പോകാം. അന്യോന്യതാ ഭാവത്തിൽ നിന്ന് ആർദ്രത ഊറി നാം പരസ്പ്പരാനന്ദ സമൂഹമായി ഉയരും.

*2001 ജൂലൈ 15*

---

# ഒരു ഓർമ്മക്കുറിപ്പ്

**ഡോ. പി. ഗോപാലകൃഷ്ണൻ**

*മുൻ അസോസിയേറ്റ് പ്രൊഫസർ ടി.ഡി.എം.സി.,ആലപ്പുഴ*

പങ്കജാക്ഷക്കുറുപ്പ് സാറിനെ കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് സാറിന്റെ 35-ാം വയസ്സിലെ രൂപമാണ് എനിക്ക് അന്ന് പത്ത് വയസ്സ് പ്രായം. കഞ്ഞിപ്പാടത്ത് തൈക്കൂട്ടത്തിൽ ആറ്റുതീരത്ത് ആയിരുന്നു ഞങ്ങളുടെ വീട്, എന്റെ വീട്ടിൽ നിന്നും ഏകദേശം 500 മീറ്റർ തെക്കും 500 മീറ്റർ വടക്കും മാറി രണ്ടു തോടുകൾ. പടിഞ്ഞാറ് നിന്ന് ഒഴുകി പൂക്കൈത ആറിലേക്ക് വന്നുചേരുന്നു. ഈ തോടുകൾക്ക് കുറുകെ നിർമ്മിച്ചിരുന്ന രണ്ട് തടി നിർമ്മിത ഏണിപ്പാലങ്ങൾ അന്ന് ഉണ്ടായിരുന്നു. ഇന്ന് അത് കോൺക്രീറ്റ് പാലങ്ങളാണ്. എല്ലാവർഷവും ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിലും ആഗസ്റ്റ് 15 നും ശുചീകരണത്തിന്റെ ഭാഗമായി ഞങ്ങളുടെ ആറ്റുതീരത്തുള്ള വീടിന്റെ മുൻവശത്തുള്ള പൊതുവഴിയിലൂടെ വട്ടപ്പായിത്രയിലെ വീട്ടിൽ നിന്നും ചൂലുമായി നടന്നുവരുന്ന സാറിന്റെ രൂപമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഒറ്റമുണ്ടു മടക്കിക്കുത്തി രണ്ടാം മുണ്ട് തോളിലിട്ട് നഗ്നപാദനായി ദീർഘകായനായ സാർ നടന്നു പോകുന്നതിന്റെ ചന്തം ഞാൻ കൗതുകത്തോടെ കണ്ടിരുന്നത് ഇന്നും ഓർമ്മയിൽ മായാതെ നിൽക്കുന്നു. പോകുന്ന വഴി കാണുന്നവരെയും ശുചീകരണത്തിന് ക്ഷണിക്കും. ഞാൻ ആ ശുചീകരണ പ്രവർത്തനങ്ങളിൽ സാറിന്റെ കൂടെ പങ്കെടുക്കുമായിരുന്നു തേക്ക് തടിയിൽ നിർമ്മിതമായ പാലത്തിന്റെ ചവിട്ടുപടികളിൽ മണ്ണും ചെറു ചെടികളും ഉള്ളത് മാറ്റി വൃത്തിയാക്കുകയാണ് ദൗത്യം. ഈ പ്രവർത്തനങ്ങൾ വളരെ വർഷങ്ങൾ സാർ നടത്തിയിരുന്നു. കഞ്ഞിപ്പാടത്തേയ്ക്ക് ഇപ്പോൾ അമ്പലപ്പുഴ ക്ഷേത്രഭാഗത്തുനിന്നും ദേശീയ പാതയിൽ എസ് എൻ കവലയിൽ നിന്നും നല്ല റോഡുകൾ ഉണ്ട്. എന്നാൽ റോഡുകൾ ഒന്നും തന്നെയില്ലായിരുന്ന ആ കാലത്ത്

കഞ്ഞിപ്പാടത്തുള്ളവർ ചെറുവള്ളങ്ങളിലായിരുന്നു യാത്ര. തോടുകളിൽ പോളയും പായലും കയറിയാൽ യാത്ര വളരെ പ്രയാസമാകും. അത് ഒഴിവാക്കുവാൻ രണ്ടു പാലങ്ങളുടെയും താഴെ കയർ കെട്ടി പായൽ കയറുന്നത് തടയുവാനുള്ള പ്രവർത്തനങ്ങളും സാർ നടത്തിയിരുന്നു.

ദേഹവിയോഗത്തിന് മൂന്ന് ദിവസം മുമ്പ് വൈകിട്ട് ഞാൻ കൊന്നപാട്ട് ചെന്നപ്പോൾ സാർ വളരെ ക്ഷീണിതനായിരുന്നു. നടക്കുവാൻ വലിയ പ്രയാസം. എന്റെ തോളിൽ കയ്യിട്ടു നമുക്ക് അല്പം നടക്കാം എന്ന് പറഞ്ഞു വീട്ടിൽ നിന്നും ഇറങ്ങി അടുത്തുള്ള ശ്രീ. ചന്ദ്രപ്പണിക്കർ സാറിന്റെ വീട്ടിലേക്ക് നടന്നു. അവിടെ വീടിനു തെക്കുഭാഗത്തുള്ള ഒരു ചാമ്പ മരത്തിൽ നിന്നും ചുവന്ന പൂക്കൾ ധാരാളം മരച്ചുവട്ടിൽ വീണുകിടക്കുന്നത് നോക്കി എത്ര ഭംഗിയായിരിക്കുന്നു എന്ന് പറഞ്ഞു. പലതരത്തിലുള്ള കിളികൾ ചേക്കേറുന്നതിന്റെ ശബ്ദം കേട്ട് ശ്രദ്ധിച്ചിട്ട് അവർ എല്ലാവരും വന്നിട്ടുണ്ട് എത്ര സന്തോഷത്തിലാണവർ എന്നുപറഞ്ഞു പ്രകൃതിയുമായവർ പരസ്പരാനന്ദത്തിലാണ്. മനുഷ്യർ ഇതെന്നാണോ കണ്ട് പഠിക്കുന്നത്. തിരികെ പോരുമ്പോൾ പരിസരത്തോടും ചെടികളോടും പക്ഷികളോടുമൊക്കെ ഒരുയാത്ര പറയുന്നതു പോലെ എനിക്ക് തോന്നി. എങ്കിലും ഇത്ര പെട്ടെന്ന് സാറിന്റെ ദേഹവിയോഗം സംഭവിക്കുമെന്ന് കരുതിയില്ല. മൂന്നാം ദിവസം സാർ ദേഹംവിട്ട് അനശ്വരനായിത്തീർന്നു.

# 1 ഗുരു

കാശി വിശ്വവിദ്യാലയത്തിന്റെ ശിലാസ്ഥാപനദിനം. സ്ഥാപകൻ പണ്ഡിറ്റ് മദൻമോഹൻ മാളവ്യ. മഹാപണ്ഡിതന്മാർ, സ്വർണാഭരണവിഭൂഷിതരായ മഹാരാജാക്കന്മാർ, ഉന്നതോദ്യോഗസ്ഥർ. എല്ലാവരും അവിടെ കൂടിയിട്ടുണ്ട്. ഉദ്ഘാടകൻ ഇന്ത്യൻ വൈസ്രോയി ഹാർഡിഞ്ച് പ്രഭു. അദ്ധ്യക്ഷ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മുൻനിരയിലുള്ള പ്രസിദ്ധയായ ആനിബസന്റ് എന്ന ഇംഗ്ലീഷുകാരി. തെക്കെ ആഫ്രിക്കയിൽനിന്നും തിരിച്ചെത്തിയ മോഹൻദാസ് കരംചന്ദ് ഗാന്ധിയും പ്രസംഗകനായുണ്ട്.

1916 ഫെബ്രുവരി 4 ന് ആയിരുന്നു ആ സംഭവം. ആർഭാടം നിറഞ്ഞ സദസ്സ്, ധനം വാരിയെറിഞ്ഞുള്ള അലങ്കാരങ്ങൾ. ഉദ്ഘാ

ടന ചടങ്ങുകൾക്കു ശേഷം പ്രസംഗത്തിനുള്ള ഗാന്ധിജിയുടെ ഊഴമായി.

ഉറക്കെ ചിന്തിക്കാനും തുറന്നുസംസാരിക്കാനും ആഗ്രഹിക്കുന്നു എന്നു പറഞ്ഞുകൊണ്ട് പ്രസംഗമാരംഭിച്ച ഗാന്ധിജി ഇങ്ങനെ തുടർന്നു: "ഇവിടെ പ്രസംഗിച്ച മഹാരാജാവ് ഇന്ത്യയിലെ ദാരിദ്ര്യത്തെക്കുറിച്ചു പറഞ്ഞു. മറ്റു പ്രാംസംഗികരും ഇക്കാര്യത്തെക്കുറിച്ചു സംസാരിച്ചു. വൈസ്രോയി ശിലാ സ്ഥാപനം നടത്തിയ ഇവിടെ നാം കണ്ട കാഴ്ച എന്താണ്? വർണശബള മായ ഒരു കെട്ടുകാഴ്ച. രത്നാഭരണ പ്രദർശനം. സർവാഭരണവിഭൂഷിത രായ പ്രഭുക്കന്മാരെ ദരിദ്രലക്ഷങ്ങളുമായി ഞാൻ താരതമ്യപ്പെടുത്തുന്നു. ഇന്ത്യയിലെ സാധാരണ ഗ്രാമീണർക്കുവേണ്ടി നിങ്ങൾ ഈ വേഷഭൂഷാദികൾ ഉപേക്ഷിച്ച് അവരുടെ യഥാർത്ഥ ട്രസ്റ്റിയായി മാത്രം ഇതൊക്കെ സൂക്ഷിക്കാൻ തയ്യാറാണോ? ഇല്ലെങ്കിൽ ഇന്ത്യക്ക് മോചനമില്ല. ഹാർഡിഞ്ച് പ്രഭു വിന്റെയോ അല്ലെങ്കിൽ ചക്രവർത്തിയുടെ മുമ്പിൽ രാജഭക്തി പ്രകടിപ്പിക്കാൻ നിങ്ങൾ ആഭരണപ്പെട്ടികളെല്ലാം തപ്പി അടിമുതൽ മുടിവരെ അണിഞ്ഞൊരുങ്ങേണ്ടതുണ്ടെന്നു എനിക്കു തോന്നുന്നില്ല. അഭിവന്ദ്യരേ, ഈ നാട്ടിലെവിടെയെങ്കിലും ഒരു കൊട്ടാരം ഉയരുന്നുവെന്നു കേൾക്കുമ്പോൾ സത്യത്തിൽ ഞാൻ അസ്വസ്ഥനാകും- ഈശ്വരാ, പാവപ്പെട്ട കൃഷിക്കാരുടെ പണമാണല്ലോ ഇത് എന്ന് വിചാരിക്കുകയും ചെയ്യും. ഈ നാട്ടിലെ എഴുപത്തഞ്ചു ശതമാനത്തിലധികവും കൃഷിക്കാരാണ്. അവരുടെ സമ്പത്ത് നമ്മൾ കവർന്നെടുക്കുകയോ കവർന്നെടുക്കാൻ മറ്റുള്ളവരെ അനുവദിക്കുകയോ ചെയ്താൽ സ്വയംഭരണത്തിനുള്ള ചൈതന്യം നമ്മളിൽ അവശേഷിക്കുകയില്ല. നമ്മുടെ മോക്ഷമാർഗം കർഷകരാണ്. ഡോക്ടർമാരോ വക്കീലന്മാരോ പണക്കൊഴുപ്പുള്ള ഭൂവുടമകളോ അല്ല.

കഴിഞ്ഞ രണ്ടു മൂന്നു ദിവസമായി മനസ്സിനെ മദിച്ച ഒരു കാര്യം കൂടി പറയട്ടെ. ബനാറസിൽകൂടി വൈസ്രോയി കടന്നുപോയപ്പോൾ നമ്മിൽ പലരും വീർപ്പടക്കിനിൽക്കുകയായിരുന്നു. എവിടെയും രഹസ്യപ്പൊലീസ് മയം. ഭീകരാവസ്ഥ. ചക്രവർത്തി എന്തിനു നാട്ടുകാരെ ഭയക്കണം. ഭരിക്കു ന്നവർ ജനവിശ്വാസം നേടിയിരിക്കണം.....'

പ്രസംഗം അദ്ധ്യക്ഷയ്ക്കു പിടിച്ചില്ല. അവർ ഗാന്ധിജിയെ തുറിച്ചുനോക്കി. ഗാന്ധിജി തുടർന്നു: 'ഈശ്വരനിൽ ഭയവും വിശ്വാസവുമുണ്ടോ, പിന്നെ ആരെയും പേടിക്കാനില്ല. മഹാരാജാവിനെയോ വൈസ്രോയിയെയോ രഹസ്യ പ്പൊലീസിനെയോ എന്തിന് ജോർജ് ചക്രവർത്തിയെപ്പോലും..... ഇന്ത്യയുടെ മോചനത്തിന് ഇംഗ്ലീഷുകാർ പുറത്തുപോയേ മതിയാവൂ എങ്കിൽ അത് വിളിച്ചുപറയാൻ എനിക്കു മടിയില്ല. അതിനുവേണ്ടി മരിക്കാനും ഞാനൊരുക്കമാണ്. അതാണ് എന്റെ ദൃഷ്ടിയിൽ ശ്രേഷ്ഠമായ മരണം.'

പ്രസംഗം തുടരുന്നത് അദ്ധ്യക്ഷ തടഞ്ഞു. പക്ഷേ പ്രസംഗം തുടരണമെന്ന് സഭാവാസികൾ വിളിച്ചുപറഞ്ഞു. കോപം കൊണ്ട ആനിബസന്റ് വേദി വിട്ടിറങ്ങിപ്പോയി. സർവാഭരണവിഭൂഷിതരായി ഇരുന്നിരുന്ന രാജാക്കന്മാരും പിന്നാലെ പോയി.

ശിലാസ്ഥാപനചടങ്ങിന്റെയും ഗാന്ധിയുടെ പ്രസംഗത്തിന്റെയും വാർത്ത പത്രത്തിൽ വന്നത് ഒരു കുട്ടി വായിക്കാനിടയായി. പ്രസംഗത്തിൽ മുഴങ്ങിക്കേട്ട ആദർശം, വിപ്ലവം, ശാന്തി, സ്നേഹം, അഹിംസ..... എല്ലാം ആ കൊച്ചു ഹൃദയത്തെ വശീകരിച്ചു പ്രസംഗിച്ച മനുഷ്യൻ മഹാനാണെന്ന് കുട്ടിക്കു തോന്നി. ആ പ്രസംഗം അവന്റെ മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നു. ഒപ്പം മനസ്സിൽ ഒരു രൂപവും- ഗുരുവായി സ്വീകരിച്ച് ആദരിക്കാൻ കണ്ടിട്ടില്ലാത്ത പരിചയമില്ലാത്ത ഒരു രൂപം.

ആരാണെന്നോ ഈ കുട്ടി? വിനായക നരഹരിഭാവേ എന്ന വിനോബ ഭാവേ.

*പൂർണ്ണോദയ പ്രസിദ്ധീകരിച്ച എൻ.പി.പുന്തലയുടെ "ഭൂമി തേടി ഒരു യാത്ര" എന്ന കൃതിയിൽനിന്ന്*

## ലോക സമാധാനത്തിന്റെ താക്കോൽ

ലോകസമാധാനത്തിന്റെ താക്കോൽ നമ്മുടെ ഓരോരുത്തരുടെയും കൈകളിലാണ് ഇരിക്കുന്നത്. ഹൃദയം തുറന്ന് മറ്റുള്ളവരെ സ്വന്തമായി കരുതി പരസ്പരാനന്ദത്തോടെ ജീവിക്കുകയാണ് ഒരേഒരു പോംവഴി. ഇത് ഓരോരുത്തരും ചെയ്യേണ്ട ജോലിയാണ്. ഓരോരുത്തരും സമൂഹജീവിതത്തിലേക്ക് വരണം സമുദായ ജീവിതത്തിലേയ്ക്ക് വന്നാൽ പോരാ വിശാലമായ സമൂഹബോധ

ജീവിതം പശ്ചാത്തലമായി സ്വീകരിക്കപ്പെട്ടാൽ ഭാഷ, പ്രദേശം, വിശ്വാസം തുടങ്ങിയ ഏതിൽ പെടുന്നതും സ്വന്തം ജീവിതത്തിന് തടസ്സമാവില്ല. മെക്ക മുസ്ലീങ്ങളുടെയും കാശി ഹിന്ദുക്കളുടെയും തന്നെ ആയിക്കൊള്ളട്ടെ ലങ്ക സിംഹളരുടെയും ആയിക്കൊള്ളട്ടെ മനുഷ്യർ പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ബോധം പ്രകാശിക്കുന്നു എന്ന് വന്നാൽ എല്ലായിടത്തും എല്ലാവർക്കും യഥേഷ്ടം പ്രവേശിക്കാം. വേർതിരിവ് ഇല്ലാതാകും, തടസ്സങ്ങൾ നീങ്ങും. ഗുണങ്ങൾ പ്രകാശിക്കാൻ തുടങ്ങും പരസ്പരം അടുത്തു ജീവിക്കുവാൻ തയ്യാറായാൽ ഭൂമിചുരത്തിതരും. ഇവിടെ എല്ലാം വേണ്ടതിലെത്രയോ അധികം ഉണ്ട് ഒന്നിച്ചെടുത്ത് പങ്കിട്ട് കഴിച്ച് സാനന്ദം ആടിപ്പാടി ഭൂമിയിൽ ആകെ വിഹരിക്കാം. ഒന്നിച്ച് കുഭമേളയ്ക്ക് പോകാം ഹജ്ജിന് പോകാം ക്രിസ്തുമസ് ആഘോഷിക്കാം. ആയിരം വിശ്വാസങ്ങളും ആചാരങ്ങളും ഭാഷകളും നിലനിന്നുകൊള്ളട്ടെ ജീവിതം അതൊന്നിച്ചാണ് അന്യോന്യമാണ് നിന്റെ വിശ്വാസം അത് എന്ത് ആയിരുന്നാലും നീ എന്റേതും ഞാൻ നിന്റേതുമാണ്. ഈ ചിന്താശൈലി ശരിയാണെന്ന് തോന്നുന്നവർ അത് ചെയ്തുതുടങ്ങുക. എല്ലാവരും ചെയ്യുമോ ? തന്നോട് അതിനനുസരിച്ച് പെരുമാറുമോ എന്നൊന്നും നോക്കാതെ ആരുമില്ലെങ്കിലും ഭീകരാഗ്നി കെടുത്തുവാൻ എന്റെ കൈക്കുമ്പിളിൽ കൊള്ളുന്ന ഇത്തിരി വെള്ളം ഞാനിതാ ഒഴിക്കുന്നു. സമൂലപരിവർത്തനത്തിന് ദർശനം കാണുന്ന വഴി സാധനയാണ്. നിത്യേന പ്രഭാതത്തിൽ ഉണരുന്ന നേരത്ത് എല്ലാവർക്കും വേണ്ടി ഞാൻ ഉണരുന്നു എന്ന് വിചാരിക്കണം. എഴുന്നേറ്റിരുന്നു തന്റെ വീട്ടിലുള്ള ഓരോരുത്തരേയും മനസ്സിൽ കാണണം. ഇവരുമായുള്ള ബന്ധം കൂടുതൽ ഹൃദ്യമാക്കുവാൻ ഇന്നേ ദിവസം ശ്രദ്ധിക്കും എന്ന് വിചാരിക്കണം. അയൽ വീടുകളുടെയും അവിടെയുള്ള അയൽക്കാരെയും മനസ്സിൽ കണ്ട് അവരുമായി ആത്മബന്ധം നിലനിർത്തുവാൻ ശ്രദ്ധിക്കും എന്ന് നിശ്ചയിക്കണം. ഈ വിചാരം സാവധാനം പരന്നുവന്ന് ലോകത്തെയാകെ ഉൾക്കൊള്ളണം സകല മതസ്തരും ഭാഷക്കാരും സ്വഭാവക്കാരും എന്റെ കുടുംബക്കാരാണെന്ന് വിചാരം ചെയ്യണം. പ്രപഞ്ചമാകെ സർവ്വ ചരാചരങ്ങളും ജ്യോതിർഗോളങ്ങളും ഉൾക്കൊള്ളുന്ന പ്രപഞ്ചമഹാകുടുംബമാണെന്റെ കുടുംബം എല്ലാം എന്റേതും ഞാൻ അവരുടേതും അന്നേ ദിവസം ലോകത്തിനാകെ

സുഖമായിരിക്കുവാൻ എന്നാലാവുന്നത് ഞാൻ ചെയ്യും എന്ന് സങ്കൽപ്പിച്ച് നിത്യകർമ്മങ്ങൾക്ക് പോകാം. ഈശ്വരപ്രാർത്ഥന ചെയ്യുന്നവർ ഇതിനോടുചേർത്തോ പിന്നീടോ പ്രാർത്ഥന നടത്താവുന്നതാണ്. ഒരു വ്യക്തി ഈ സാധന ചെയ്തുതുടങ്ങിയാൽ ആ വ്യക്തിക്ക് ഹൃദയശുദ്ധി കൈവന്ന് ആനന്ദം അനുഭവപ്പെടും അതോടൊപ്പം തന്നെ ലോകത്തിന് ഒരു പരിവർത്തന ശക്തിയായി അദ്ദേഹം രൂപപ്പെടുകയും ചെയ്യും.

# കൊച്ചു വർത്തമാനം

## 1. സ്വാതന്ത്ര്യം

നല്ലവനായ ഒരു മനുഷ്യനെ കണ്ടെത്താനായി ഏഥൻസിലെ വീഥികളിലൂടെ പകൽ ഒരു റാന്തൽ വിളക്കുമായി നടന്ന ഡയോജനിസിനെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. പട്ടാമ്പിക്കടുത്ത് രായ്ച്ചനല്ലൂർ എന്ന ഗ്രാമത്തിലെ മലമുകളിലേയ്ക്ക് ഒരു പാറ ഉരുട്ടി കയറ്റിയ ശേഷം താഴേയ്ക്ക് ഉരുട്ടി വിട്ട് പൊട്ടിച്ചിരിക്കുന്ന അവധൂതനായ നാറാണത്തിനെ നാം ഭ്രാന്തനെന്നു വിളിച്ചു. ധനത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള മനുഷ്യന്റെ ഭ്രാന്ത് അവനെ ബോധ്യപ്പെടുത്തുവാനാണ് ഈ വിചിത്ര പ്രവൃത്തികളിലൂടെ മഹാത്മാക്കൾ ശ്രമിച്ചത്. മുകളിൽ നിന്നും താഴോട്ട് ഉരുണ്ടു പോകുന്ന പാറ പോലെ ഇവിടെ വാരിക്കൂട്ടിയ ഭൗതിക നേട്ടങ്ങളെല്ലാം മരണത്തോടെ അവസാനിക്കുന്നു. ആരാണ് ഭ്രാന്തൻ? നാം സാധാരണക്കാരെയും മഹത്തുക്കളെയും വരെ വിമർശിക്കാറുണ്ടല്ലോ. ഇത് സ്വയം ഒന്ന് ചെയ്തിരുന്നെങ്കിൽ നാം എന്നേ നന്നാകുമായിരുന്നു. സ്വയം വിലയിരുത്തണമെങ്കിൽ നാം സ്വതന്ത്രരായിരിക്കണം. 1947 ആഗസ്റ്റ് 15ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി. ഇന്ത്യക്കാർക്കോ? വർഷം 70 കഴിഞ്ഞിട്ടും നാമിപ്പോഴും സ്വതന്ത്രരല്ല. നമ്മുടെ മനസ്സിൽ നിന്നും അടിമത്തം വിട്ടു മാറിയിട്ടില്ല. ഭരണ മാറ്റം കൊണ്ട് അത് മാറില്ല. അതിന് ബോധപൂർവ്വമായ പരിശ്രമം കൂടിയേ തീരു. നാം ഏതൊരു പ്രശ്നത്തേയും കാണുകയും വിലയിരുത്തുകയും ചെയ്യുന്നത് നമ്മുടെ നിലപാട് തറയിൽ നിന്നുകൊണ്ടാണ്. അതിനു സത്യവുമായി അന്തരമുണ്ടെങ്കിൽ നിർണ്ണയങ്ങൾ തലകീഴായി മറിയും. താളം തെറ്റിയ മനസ്സ് നമ്മെ തെറ്റായ വഴിയേ നയിക്കും. നാം വേണ്ടാത്ത കുണ്ടു

കളിൽ ചെന്ന് ചാടുകയും ചെയ്യും. അച്ചു കേടായാൽ അതിൽ വാർക്കുന്നതൊന്നും ശരിയാവുകയില്ല.

അതിനാൽ ആദ്യം വേണ്ടത് നല്ല ആരോഗ്യമുള്ള ഒരു ശരീരവും, അതിൽ സ്വതന്ത്രമായ ഒരു മനസ്സുമാണ്. നല്ല ഭക്ഷണം മിതമായി ഉപയോഗിച്ചും വ്യായാമം ചെയ്തും ഇടയ്ക്കിടെ ഉപവസിച്ചും ആരോഗ്യം നേടിയെടുക്കാം. മനസ്സിന്റെ സ്വാതന്ത്ര്യത്തിനായി ഒരു രണ്ടാം സ്വാതന്ത്ര്യസമരം തന്നെ നടത്തേണ്ടി വരും. നമ്മിലെ ദുർവാസനകൾക്കെതിരായാണ് ഇത് നടത്തേണ്ടത്. അഹങ്കാരത്തിനും, സ്വാർത്ഥതയ്ക്കും ക്രോധത്തിനുമെതിരെ സ്നേഹവും, ക്ഷമയും പ്രയോഗിക്കണം. **ആദ്യം മനസ്സിന്റെ ഒരു സെൽഫി എടുത്ത് നോക്കുക. ഭൂമിയിൽ ആരോടെങ്കിലും എനിക്ക് വെറുപ്പുണ്ടോ? ഭയമുണ്ടോ? പക്ഷഭേദമുണ്ടോ? എന്റെ മനസ്സ് സ്വതന്ത്രമാണോ? ഏതെങ്കിലും ഒരു വ്യക്തിയോ സമൂഹമോ എനിക്കുള്ളതല്ലെന്നും അവർ നശിച്ചു പോകണമെന്നും ഞാൻ വിചാരിക്കാറുണ്ടോ? എല്ലാവരുടേയും അഭ്യുദയം ഞാൻ ആഗ്രഹിക്കുന്നുണ്ടോ? ഇത്തരത്തിൽ ഒരു മനോവിശകലനം നടത്തി നോക്കുക. വിപരീത മറുപടിയാണ് കിട്ടുന്നതെങ്കിൽ എന്റെ വിശ്വാസ പ്രമാണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാം.** പ്രിയ സുഹൃത്തെ ഇതൊന്ന് ചെയ്തു നോക്കുക എന്നിട്ട് തുടർന്നു വായിക്കുക.

നമ്മുടെ കയ്യ്, കാല്, തല എന്നിവയേക്കാൾ ഉപരി സൂക്ഷ്മമായ ഒരു ഭാഗമാണ് മനസ്സ് അത് ശുദ്ധവും ബുദ്ധിക്ക് അധീനവും പക്ഷപാതരഹിതവുമായിരിക്കണം. സ്വതന്ത്രമായി ചിന്തിച്ച് കാര്യങ്ങളെ വിലയിരുത്താൻ കഴിയണം. മനസ്സിനെ ഒരു കണ്ണാടിയായി കരുതുക. ലോക സംഭവങ്ങൾ മനസ്സിൽ വന്ന് തട്ടിയിട്ടാണ് നാം കാണുന്നത്. മനസ്സില്ലെങ്കിൽ കണ്ണുണ്ടായാലും കാണില്ല. ആ കണ്ണ് ഇന്ന് പക്ഷപാതവും സ്വാർത്ഥതയും പിടിച്ച് അടുക്കളയിലെ പുക പിടിച്ച ബൾബ് പോലെ പ്രകാശത്തെ മറച്ചിരിക്കുന്നു. മനസ്സിനെ ഒന്ന് സ്വയം തുടച്ചെടുക്കണം. അതിനല്ലേ ശ്രീനാരായണ ഗുരുദേവൻ കളവംകോടത്ത് കണ്ണാടി പ്രതിഷ്ഠ നടത്തിയത്. കണ്ണാടി നോക്കി മനം മിനുക്കുക. ഈശ്വര ചൈതന്യം നിറഞ്ഞിരിക്കുന്ന ഈ ഭൂമിയിൽ നല്ലത് കാണാൻ കഴിഞ്ഞില്ലെങ്കിൽ നിഷേധാത്മക ശക്തികൾ നമ്മെ ഭയപ്പെടുത്തി കൊണ്ടിരിക്കും. നോക്കൂ എത്ര

പേരീ ഭൂമിയിൽ ദൈവവിശ്വാസത്തോടും, സമാധാനത്തോടും കൂടി കഴിയുന്നു? എല്ലാവരും വെറുതെ ഭയപ്പെടുകയാണ്. നമ്മുടെ കർമ്മ ഫലങ്ങളല്ലാതൊന്നും നമ്മുടെ നേരെ പോരിന് വരികയില്ല, നമ്മെ രക്ഷിക്കുകയുമില്ല. പക്ഷപാതത്തിന്റെ കണ്ണട ഊരി ദൂരെ വലിച്ചെറിയുക ഇതുകൊണ്ട് ലോകം നോക്കി കണ്ടാൽ എല്ലാം മലിനമായി തോന്നും.

പക്ഷഭേദമുള്ള ഒരാൾ യഥാർത്ഥത്തിൽ വികലാംഗനാണ്. അയാൾക്ക് നേരെ ചൊവ്വേ ചിന്തിക്കാനാവില്ല. മനസ്സിന്റെ അന്തർഭാവങ്ങളിൽ കുടികൊള്ളുന്ന ശ്രേഷ്ഠ ഗുണങ്ങൾ പുറത്തു വരാനാവാതെ തടയപ്പെട്ടു കിടക്കും. ഈ സ്ഥിതി ശരീരത്തിന് വരുമ്പോൾ നേരേ ചൊവ്വേ നടക്കാനാവാതെ വരുമ്പോൾ അതിന് പക്ഷാഘാതമെന്ന് പറയുന്നു. ഒരു വശം തളർന്നു പോയ അവസ്ഥ. നടക്കാൻ ഒരു വടി വേണം. പക്ഷഭേദവും, പക്ഷാഘാതവും ഒന്നു തന്നെ. പക്ഷഭേദക്കാരനും വികലാംഗനാണ്. നേരെ ചിന്തിക്കാനാവാത്തതിനാൽ തന്റെ ശരിയെന്ന അയഥാർത്ഥമായ വടികുത്തിയാണ് നടക്കുന്നത്. ഇടയ്ക്ക് തന്റെ ശരിയെക്കുറിച്ച് ഒരു ആത്മ പരിശോധന നടത്തണം.

പക്ഷഭേദപരമായ ചിന്ത സർവ്വ അനർത്ഥങ്ങൾക്കും കാരണമാണ്. വീട്ടിനുള്ളിലും രാജ്യങ്ങൾ തമ്മിലും ഉള്ള പ്രശ്നങ്ങളുടെ കാരണവും ഇവിടെ ചെന്നെത്തുന്നു. പാണ്ഡവർക്ക് താമസിക്കുവാൻ ഒരു വീടെങ്കിലും ദുര്യോധനൻ നൽകിയിരുന്നെങ്കിൽ മഹാഭാരത യുദ്ധം ഒഴിവാക്കാമായിരുന്നു. ദുര്യോധനന്റെ വാശി സർവ്വ നാശത്തിനും കാരണമായി.

മാനസികമായ അടിമത്തം ഈശ്വരകൃപ ലഭിക്കുവാൻ നമുക്ക് തടസ്സമായി നിൽക്കുന്നു. നമ്മുടെ ഉള്ളിലുള്ള സ്നേഹത്തെ ഉണർത്തി വളർത്തി വിശാലമാക്കുകയല്ലാതെ ഈ ബാധയിൽ നിന്ന് മുക്തമാകുവാൻ മറ്റ് വഴികളില്ല. മഹാത്മജി ബ്രിട്ടീഷുകാരെ ഭയപ്പെട്ടില്ല എതിർത്തില്ല. അവരെ ശത്രുക്കളായി കണ്ടില്ല നമ്മുടെ നാട്ടിൽ വന്ന് നമ്മെ കീഴടക്കി ഭരിച്ചവരോട് ഇന്ത്യ വിടുക എന്ന് ആഹ്വാനം ചെയ്തു അവർ ഇന്ത്യ വിട്ടു. നമ്മുടെ മനസ്സിൽ കുടിയേറി പാർത്ത പക്ഷഭേദം, ഭയം, സ്വാർത്ഥത എന്നിവരേയും ഇറക്കി വിടുമ്പോഴാണ് നമുക്കും സ്വാതന്ത്ര്യം കിട്ടുന്നത്. നമ്മുടെ പ്രവർത്തികളെ

അവയുടെ കാലശേഷം നാം പരിശോധിച്ചാൽ പക്ഷഭേദപരമായ നമ്മുടെ പൂർവ്വകാല കർമ്മങ്ങൾ ഗുണത്തേക്കാളേറെ ദോഷകര മായിരുന്നു എന്ന് മനസ്സിലാക്കാം. ധർമ്മാനുസൃതമല്ലാത്ത എല്ലാ ചിന്തകളും, കർമ്മങ്ങളും നമുക്ക് ദോഷം ചെയ്യും. ഏത് സംഭവ ത്തേയും ജീവിതാനുഭവങ്ങളേയും എന്റേത്, എന്റെ ബന്ധുക്കളു ടേത്, മതത്തിന്റേത്, രാഷ്ട്രീയത്തിന്റേത് എന്ന താണ തലങ്ങളിൽ കാണാതെ സ്വതന്ത്രമായി വീക്ഷിക്കുവാനും പ്രതികരിക്കുവാനും നമുക്ക് കഴിയണം. എന്നാൽ സ്വാഭിപ്രായം അന്തരീക്ഷത്തിന്റെ ശാന്തിക്ക് ഭംഗം വരുത്തും എന്നു കണ്ടാൽ തത്ക്കാലം മൗനം ആചരിക്കുന്നതാണ് നല്ലത്. വെറുതെ കോലാഹലം ഉണ്ടാക്കേണ്ട. ശുഭചിന്തകൾ അന്തരീക്ഷത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കു കയും സംഭവിക്കേണ്ടത് എന്തോ അത് സംഭവിക്കുകയും ചെയ്യും. ഈ ലോകമൊന്നും നടത്തുന്നത് നമ്മളല്ലല്ലോ. വിശ്വമാകെ നിറ ഞ്ഞിരിക്കുന്ന ശക്തി ഇത് നിയന്ത്രിക്കുവാൻ നമ്മളെയാരെയും കൂട്ടിന് വിളിച്ചിട്ടില്ലല്ലോ. നമുക്കൊരു ജീവിതം തന്നു അത് പരോപ കാരപ്രദമായി ജീവിച്ച് തീർക്കുക എന്നിട്ട് കടന്നു പോകുക. നമ്മുടെ ജീവിതകാലം സംശയിച്ചും ചോദ്യം ചോദിച്ചും സമയം കളയാതെ കർമ്മ നിരതനാകുക. നിഷ്പക്ഷനായ സ്വതന്ത്രനായ ബുദ്ധിജീവി യാണ് താനെന്ന് തെളിയിക്കാൻ വേണ്ടി ആരേയും കുറ്റപ്പെടു ത്തേണ്ട. ഇന്ന് സമൂഹത്തിൽ നല്ലത് പറഞ്ഞോ പ്രവർത്തിച്ചോ അല്ല ആരെയെങ്കിലും ചോദ്യം ചെയ്തോ കുറ്റപ്പെടുത്തുകയോ ചെയ്യു ന്നതാണ് വലിയവനാകാനുള്ള മാർഗ്ഗമായി പലരും സ്വയം കരുതി വെച്ചിരിക്കുന്നത്. ആരെയും കിട്ടില്ലെങ്കിൽ മഹാത്മജിയുടെ നേരെ തിരിയും (അതാകുമ്പോൾ പേടിക്കേണ്ടല്ലോ കയ്യിലൊരു വടിയു ണ്ടെങ്കിലും അടി കിട്ടുകയില്ല). ഗാന്ധിയാണ് രാജ്യത്തെ എല്ലാ കുഴ പ്പങ്ങൾക്കും കാരണം. ശരി സുഹൃത്തെ അങ്ങേർക്ക് അങ്ങനെ യൊരു അബദ്ധം പറ്റി. ആട്ടെ തന്റെ പണിയെന്താണ്? ഇങ്ങനെ കുറ്റം പറഞ്ഞോണ്ടിരിക്കുക തന്നെ. ശരി അതും നടക്കട്ടെ. എല്ലാം കർമ്മ നിയമങ്ങൾക്ക് അധീനമാണെന്നോർക്കുക. **മാറ്റുവിൻ ചട്ടങ്ങളെ, അല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെ താൻ.**

ഡോ. സുകുമാർ അഴീക്കോട് അച്ഛനെ വിശ്വപൗരൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അച്ഛനെ അങ്ങനെ രൂപപ്പെടുത്തിയെടുത്തതിൽ മഹാത്മജിക്കും അതിലേറെ വിനോബാഭാവയ്ക്കും പങ്കുണ്ട്.

എന്നാൽ വിനോബാഭാവെ ഗോവധ നിരോധനത്തിനായി ഉപവസിച്ചപ്പോൾ അച്ഛൻ അതിനെ എതിർത്ത് കത്തെഴുതി. ഗീതാപ്രവചനം വായിക്കൂ എന്നായിരുന്നു വിനോബാ ഭാവെയുടെ മറുപടി. എന്തായാലും ഗുരുതുല്യനായിരുന്ന മഹാത്മാവിന്റെ പ്രവൃത്തികളേപ്പോലും നിഷ്പക്ഷമായി വിലയിരുത്താൻ അച്ഛന് കഴിഞ്ഞു. അത് ശരിയോ തെറ്റോ ആവാം. നമുക്കും അത് കഴിയേണ്ടതാണ്. ഇനി മേനോൻ സാറിന്റെ ഒരു കൊച്ചു തമാശ കൂടി പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കട്ടെ. അമ്പലപ്പുഴയിൽ ദർശനത്തിന്റെ ഒരു യോഗം മഹാനായ ഗുരു നിത്യചൈതന്യയതിയുടെ പ്രസംഗം – നമ്മളെല്ലാം ഒരേ ഉണ്മയുടെ ഭാഗമാണെന്നും വ്യത്യസ്തതകൾ പുറത്തു മാത്രമാണെന്നും നാമിവിടെ സഹകരിച്ച് ജീവിക്കുകയാണ് സ്വസ്ഥജീവിതത്തിനുള്ള ഏക മാർഗ്ഗമെന്നും ഗുരു ആഹ്വാനം ചെയ്യുന്നു. അതിന്റെ അവസാന ഘട്ടത്തിൽ ചില തമാശകളും ഭക്ഷണ വിഷയങ്ങളും ഉണ്ടായിരുന്നു. ഗുരു തന്നെ കണ്ടെത്തിയ ആപ്പിൾ പൈ എന്ന സ്വാദിഷ്ടമായ ഒരു ഭക്ഷണത്തെക്കുറിച്ച് വിശദീകരിച്ചു. അതിൽ ആപ്പിൾ പുഴുങ്ങി തൊലി കളഞ്ഞ് തേനും ചില പൊടികളും ചേർത്ത് മിക്സിയിലടിച്ച് ഐസ്ക്രീം പോലെയാക്കി പൂരിയുണ്ടാക്കുമ്പോൾ അതിന്റെയിടയിൽ ചേർത്ത് കഴിച്ചാലുള്ള രുചിയെക്കുറിച്ച് വർണ്ണിച്ചു. അത് ആസ്വദിച്ച് പ്രസംഗം കഴിഞ്ഞയുടൻ എല്ലാവരും കയ്യടിച്ചു, എന്നാൽ അച്ഛൻ എണീറ്റ് ആരും പോകരുത്, ഗുരു പറഞ്ഞ ആശയങ്ങളല്ലാതെ ആഹാരരീതി നല്ലതല്ലെന്ന് വിനയപൂർവ്വം പറഞ്ഞു. പഴങ്ങൾ സൂര്യനാൽ പാചകം ചെയ്യപ്പെട്ടതാണ് പിന്നീട് പുഴുങ്ങിയാൽ ജീവകങ്ങൾ നഷ്ടമാകും എന്ന് പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ച് അത് സ്വീകരിച്ചു, ഗുരുവും അതിൽ പങ്കു ചേർന്നു. യോഗം കഴിഞ്ഞപ്പോൾ മുരളീധരമേനോൻ സാറിന്റെ ഒരു കമന്റ്. ഞാൻ കൊച്ചീ മഹാരാജാവായിരുന്നെങ്കിൽ സാറിനിപ്പോൾ ഒരു വീരശൃംഖല തരുമായിരുന്നു. നമ്മളെല്ലാം വലിയവരുടെ വാക്കുകൾ വിഴുങ്ങുകയല്ലാതെ വിശകലനം ചെയ്യാറില്ല. നിഷ്പക്ഷതയോടെ വിമർശിച്ചതിനാണ് എന്റെ ഈ വീരശൃംഖല. നമ്മളാരും അത്ര സ്വതന്ത്രരല്ല. നമ്മിലും ഈ പക്ഷപാത രോഗം ഉള്ളതാണ്. നമ്മുടെ ഉള്ളിൽ ധർമ്മം പുതച്ചു മൂടി കിടന്നുറങ്ങിയാൽ അധർമ്മം ശക്തി പ്രാപിക്കും. ധർമ്മ ബോധമില്ലാത്ത ജനം ഒഴുക്കിനനുസരിച്ച് നീന്തി ശക്തനെ പിന്തുണയ്ക്കും. അധർമ്മത്തിന്

ജനം സ്വാഗതഗാനം പാടും. ബുദ്ധിജീവികൾ ശ്രുതി മീട്ടും. ടെലിവിഷനും, പത്രത്താളുകളും താളമടിക്കും. സമ്പന്നന്റെ നീതിന്യായ വഴി സമ്പത്തിലൂടെ തന്നെ. അവർ ബറാബാസിനെ വിട്ടു കിട്ടാനും യേശുവിനെ കുരിശിലേറ്റാനും ആവശ്യപ്പെടും. ഇതാണ് ഇന്ന് ഭാരതത്തിൽ കാണുന്ന കാഴ്ച. എത്ര കാലമായ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട്. എന്ത് ക്രൂരതയാണ് മണ്ണിനോട്, പ്രകൃതിയോട്, വനവാസികളോട് നമ്മെ നിലനിർത്തുന്ന സാധുക്കളോടും നാം ചെയ്തു കൊണ്ടിരിക്കുന്നത്. പീഡനവും താഡനവും വിശപ്പും കൊണ്ട് പൊറുതി മുട്ടുന്ന സാധുക്കളെ ഉദ്ധരിക്കാതെ ഭാരതം സ്വതന്ത്രമാകുമോ? സർക്കാരും ഉദ്യോഗസ്ഥരും അവരുടെ ധർമ്മം മറക്കുന്നു. ഒരാളെ കാണുമ്പോൾ അയാളുടെ തൊലിയുടെ നിറവും കുലവും രാഷ്ട്രീയവും നമ്മുടേതുമായി താരതമ്യം ചെയ്യാൻ നോക്കാതെ എല്ലാവരും ഒരേ ഈശ്വരന്റെ സൃഷ്ടിയാണെന്ന ബോധത്തോടെ പരസ്പരം സേവന നിരതരാകുക. എനിക്ക് വേണ്ടപ്പെട്ടവരല്ലാതെ ഈ ഭൂമിയിൽ ആരാണുള്ളത്? പിന്നെ ആരോടാണ് വെറുപ്പ് ആരോടാണ് പക്ഷഭേദം. ചിന്തയിലും, വാക്കിലും പ്രവൃത്തിയിലും ഈ ബോധത്തെ നിലനിർത്തുക. അപ്പോൾ കാലം അനുകൂലമായി പരിണമിക്കും, നാം രക്ഷപ്രാപിക്കും. ജയ് ജഗത്.

## പറ്റുബുക്ക്

ജീവിതത്തിന്റെ നിലപാടുതറയിലെ
ഗുണനങ്ങളും ഹരണങ്ങളും ചേർത്തെഴുതി
കുറിച്ചും മായിച്ചും ഇടക്കിടെ തിരുത്തിയും
എഴുതുമ്പോൾ വക്കുമടങ്ങുന്ന പറ്റുബുക്കായി
മാറുന്ന മനസ്സും
സങ്കടങ്ങളെ വരികളാക്കിയും
അനുഭവങ്ങളെ കഥകളാക്കിയും
സ്വപ്നങ്ങളെ കാത്തിരിക്കുകയും
ചെയ്യുന്ന ഒരു ചെറു സത്യമല്ലോ
നമ്മുടെ ജീവിതം

**ഷിഫാന സെൽഷാസ്**
(വിദ്യാർത്ഥിനി)

# പൊതുവിവരങ്ങൾ

## 1. "അയൽക്കൂട്ട പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്"

ശ്രീ. പ്രേംകുമാർ എഴുതി പൂർണ്ണോദയ പ്രസിദ്ധീകരിക്കുന്ന കുറുപ്പുസാറിന്റെ ജീവചരിത്രം സാറിന്റെ 101-ാം ജന്മദിനത്തിൽ കഞ്ഞിപ്പാടത്ത് പ്രകാശനം ചെയ്യുന്നു. ജീവിതത്തിലെ പ്രധാന സംഭവങ്ങളും അയൽക്കൂട്ടത്തിന്റെ പിറവിയും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ കൃതിക്ക് നമ്മുടെ ചീഫ് സെക്രട്ടറിയായിരുന്ന കെ. ജയകുമാർ പ്രൗഢഗംഭീരമായ ഒരു അവതാരിക എഴുതിയത് പുസ്തകത്തിന് ഒരു തിലകക്കുറിയായി. അദ്ദേഹം പറയുന്നു:

"എഴുത്തും പ്രഭാഷണവും പ്രവർത്തനവുമായി തന്റെ ആശയങ്ങളുടെ വിട്ടുവീഴ്ചയില്ലാത്ത പ്രയോക്താവായി ജീവിച്ച് വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ഗാഢമായ ഇണക്കത്തിന്റെ പര്യായമായി മാറി ഡി. പങ്കജാക്ഷക്കുറുപ്പ്. അമ്പലപ്പുഴ കേരളത്തിന് നൽകിയ വെളിച്ചത്തിന്റെ പൊൻവിത്താണ് ആ പേര്.

ഇങ്ങനെയൊരാൾ ഇവിടെ ജീവിച്ചിരുന്നു എന്ന് ഈ നൂറ്റാണ്ടിൻറ മധ്യത്തിലെത്തുമ്പോൾ അന്നത്തെ യുവാക്കൾ വിശ്വസിക്കുമോ? ഈ അസാധാരണ ജീവിതത്തെ ആധികാരികമായ രേഖകളുടെയും മറ്റ് പ്രസി ദ്ധീകരണങ്ങളുടെയും സ്വന്തം അറിവുകളുടെയും സഹായത്തോടെ വായനക്കാർക്കായി ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ഈ കൃതിയുടെ രചനയിലൂടെ അമ്പലപ്പുഴക്കാരനായ ശ്രീ. പ്രേംകുമാർ തന്റെ വലിയൊരുത്തര വാദിത്തം പൂർണമായും നിറവേറ്റിയിരിക്കുന്നു. സ്മര്യപുരുഷനെ നേരിട്ടറിയാൻ കഴിഞ്ഞവരുടെ തലമുറ തിരോഭവിക്കുന്നതിനുമുമ്പ് ഈവിധമൊരു പുസ്തകം പ്രസിദ്ധീകരിക്കാനായതിൽ അദ്ദേഹത്തിന് കൃതാർത്ഥനാകാം". (180 രൂപ വിലവരുന്ന പുസ്തകം വായനക്കാർക്ക് 100 രൂപയ്ക്ക് ലഭിക്കും. പുസ്തകം പാഴ്സലായി ആവശ്യമുള്ളവർ 9400197510 എന്ന നമ്പറിൽ വാട്ട്സ്ആപ്പ് ചെയ്യുക.

## 2. പുരസ്കാരം

ശ്രീ. കമാൽ മാക്കിയിൽ ഏർപ്പെടുത്തിയിരിക്കുന്ന പങ്കജാക്ഷ കുറുപ്പ് സ്മാരക പുരസ്കാരത്തിന് ശ്രീ. തുറവൂർ വിജയനാഥിനെ

തിരഞ്ഞെടുക്കുന്നതിൽ ദർശനത്തിന് രണ്ട് അഭിപ്രായം ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും നിരന്തരം സഞ്ചരിച്ച് മാനുഷികമൂല്യങ്ങൾ ആരോഗ്യം മൈത്രീഭാവന മാനുഷിക ധ്യാനം ചിരി യോഗ എന്നിവയുടെ പ്രചാരണത്തിലൂടെ സാമൂഹ്യ മാറ്റത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. വിജയനാഥ് സാറിന് ദർശനത്തിന്റെ അഭിവാദനങ്ങൾ.

## 3. പുതുവർഷ സന്ദേശം

കഴിയുന്നത്ര ദിവസങ്ങളിൽ രാവിലെ ദർശനത്തിലെ ഏതെങ്കിലും ഒരു മുഖലേഖനം ശ്രദ്ധിച്ചു വായിക്കുക. ഒരു 10 മിനിറ്റ് ധാരാളം മതിയല്ലോ. തുടർന്ന് പ്രവർത്തിക്കുമ്പോൾ പഠിച്ച ഭാഗം ഒന്നു മനനം ചെയ്യുക. ടാങ്കിൽ നിറച്ചിരിക്കുന്ന വെള്ളം പൈപ്പിലൂടെ ലഭിക്കും പോലെ നമ്മുടെ കർമ്മ രംഗങ്ങളിൽ മൈത്രീ ഭാവന പ്രതിഫലിക്കും. വിപരീത സാഹചര്യങ്ങളിൽ പോലും ആരിഹവാടാ പോരനുവാടാ എന്ന് പിന്നെ പറയുകയില്ല. സാഹചര്യം മനസ്സിലാക്കി സമാധാനമായി പ്രതികരിക്കും. ഭവിഷ്യത് ചിന്ത ഉണ്ടായിരിക്കും. മനസ്സിന് പക്വത വരും. ക്ഷോഭം ഒരു മനോരോഗമാണ് വൈറസ് പോലെ അത് പടർന്നാണ് വ്യക്തികൾ തമ്മിലും അന്താരാഷ്ട്ര തലങ്ങളിൽ വരെയും യുദ്ധമായി പരിണമിക്കുന്നത്. ലോകം ഇന്ന് ഏറ്റവും അപകടകരമായ യുദ്ധക്കൊതിയുടെ പിടിയിലാണ് ഈ വൈറസിന്റെ ഉത്ഭവം ചൈനയിൽ നിന്നുമല്ല മനുഷ്യരുടെ മനസ്സിൽ തന്നെയാണ്. മനസ്സിൽ വച്ചുതന്നെ ഈ മാലിന്യ സംസ്കരണം നടത്തണം. മനസ്സിലെ വൈരാഗ്യ അഗ്നിയെ മൈത്രിഭാവം കൊണ്ടു സ്നേഹത്തിന്റെ കുളിരുറവയാക്കി മാറ്റാം. എല്ലാവരും ഇത് ചെയ്യുമോ എന്ന് നോക്കേണ്ടതില്ല. ലോക ശാന്തിക്കായി നാം ഉള്ളിലേക്ക് നോക്കി സ്വയം തിരുത്തുക. നാം പരസ്പരാനന്ദ ജീവിതത്തിലേക്ക് ഉയരുക തന്നെ ചെയ്യും

## 4. ദേഹവിയോഗങ്ങൾ

കാലത്തിന്റെ നിതാന്തമായ നിയമ നിയോഗത്തിൽ പെട്ട് വ്യക്തികൾ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. ജനനമരണ ചക്രം ആരുടെയും നിയന്ത്രണത്തിന് വഴിപ്പെടാതെ കറങ്ങിക്കൊണ്ടേയിരിക്കുന്നു. ദർശനം വായനക്കാർ പലരും യാത്രയാവുന്നു.

**1. ഗോപാലൻ (വിശ്വനാഥൻ)**- കുറുപ്പുസാറിന്റെ 100-ാം ജന്മദിനത്തിൽ പാട്ടുംപാടി നൂറുനാവോടെ സംസാരിച്ച ശ്രീ.ഗോപാലൻ അര്യാട്ടുതറ (81) ഒരു വാഹനാപകടത്തെ തുടർന്ന് രോഗബാധിതനായി അന്തരിച്ചു. ദർശനത്തിന്റെ ആദരാഞ്ജലികൾ.

**2. സുധചേച്ചി (65)** – സുധ ചേച്ചി മരിച്ചു പോയെന്ന് രാധിക വിളിച്ചു പറഞ്ഞപ്പോൾ അയ്യോ എന്ന് അറിയാതെ വിളിച്ചു പോയി. ഇത് ഞാൻ മാത്രമല്ല ഈ നാട്ടുകാർ മുഴുവൻ ഞെട്ടിപ്പോയി. ഒരേ ഒരു കാരണം എല്ലാവരോടും സ്നേഹം സേവനം ആരോടും പരിഭവം ഇല്ലാത്ത പ്രകൃതം. കുശുമ്പും കുന്നായ്മയും ഇല്ലാത്ത തെളിഞ്ഞ മനസ്സ്. അത്രയും കൊണ്ട് അനായസേന മരണം വന്നു പുൽകി. ചേച്ചി പോലും അറിയാതെ വിടപറയൽ ഹൃസ്വം ആയിരുന്നു. തീർത്തും ഹൃസ്വം. ബാബു ചേട്ടന്റെ സഹധർമ്മിണിക്ക് നാട്ടുകാരുടെ സുധ ചേച്ചിക്ക് ദർശനത്തിന്റെ പ്രണാമം.

**3. പ്രൊഫ. ശിവശങ്കരൻ (73)** – ശിവശങ്കരൻ സാർ മഹാജ്ഞാനി ആയിരുന്നു. ഗ്രന്ഥകർത്താവ് പ്രകൃതി ജീവനാചാര്യൻ തർക്കശാസ്ത്ര വിശാരദൻ വേദഗണിതാദ്ധ്യാപകൻ എന്നീ മണ്ഡലങ്ങളിൽ ശോഭിച്ചിരുന്ന ദർശനം കുടുംബാംഗമായ ശിവശങ്കരൻ സാർ അന്തരിച്ചു. ഒരുപാട് പരീക്ഷണങ്ങളിലൂടെ സാറിന് കടന്നു പോകേണ്ടിവന്നു. പലരും ബുദ്ധിമാനായ സാറിനെ പറ്റിച്ചു ആജന്മബ്രഹ്മചാരിയായ അദ്ദേഹത്തിന്റെ പേരിൽ സ്ത്രീപീഡനക്കേസുവരെ ഉണ്ടായി. പത്രത്താളുകളുടെ മുൻ പേജിൽ വാർത്ത വന്നു. കള്ളക്കേസ് തള്ളിക്കളഞ്ഞ വാർത്ത വന്നത് പത്രത്തിന്റെ ഒരു മൂലയിലും. കടം കൊടുത്ത പണം തിരിച്ചു ചോദിച്ചതിൽ ഉണ്ടായ പ്രതികാരം. എല്ലാം സാർ പറഞ്ഞിരുന്നു. സാറിന്റെ കഴിവുകൾ എനിക്കില്ലെങ്കിലും സാറിനെ ഞാൻ ഉപദേശിച്ചു. സാറിന് ഈ മുൻശുണ്ഠി ഒന്ന് ഉപേക്ഷിക്കരുതോ? എടോ അതു പറ്റില്ലെന്ന് സാറും. അതേ ഞാൻ മുൻജന്മത്തിൽ ദുർവ്വാസാവായിരുന്നു. തനിക്കറിയാമോ ഇല്ലെന്ന് ഞാനും. രോഗബാധിതനായപ്പോൾ കുര്യൻ ചേട്ടനും ശശീന്ദ്രൻ സാറും സാംജോസുമായി സാറിനെ വീട്ടിൽ പോയി കണ്ടിരുന്നു. ഞങ്ങളെ കണ്ട് പരസ്പരാനന്ദം. ദർശനത്തിന്റെ ആദരാഞ്ജലികൾ

## PRINTED MATTER

**To**

*If undelivered please return to*

സത്യം

അഹിംസ

# ദർശനം

NEERKUNNAM,
ALAPPUZHA, KERALAM - 688 005.
Phone : 0477 2282377
E-mail : darsanamkanjippadom@gmail.com

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249
Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306